(ബി) സിനിമാമേഖലനേരിടുന്ന പ്രതിസന്ധികൾ ഏതെല്ലാമെന്നും അവയ്ക്കുള്ള പരിഹാരം കാണാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. 1988-ലെ സിനിമാ റെഗുലേഷൻ ആക്ടും റൂൾസും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സിനിമാമേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സിനിമാ വ്യവസായത്തെ റെഗുലേറ്റ് ചെയ്യുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ പുതിയ നിയമങ്ങളും റെഗുലേറ്ററി മെക്കാനിസവും കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്.

ആധുനിക തിയേറ്റർ സമുച്ചയ നിർമ്മാണം

231 (7794) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുതും വലുതുമായി ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന പ്രദേശങ്ങളിൽ ആധുനിക തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.- യുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവാരമുള്ള സിനിമാസ്വാദന സംസ്കാരം സാധാരണക്കാരിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഒന്നോ അതിലധികമോ സ്ക്രീനുകളുള്ള തിയേറ്ററുകളിൽ ടിക്കറ്റ് വരുമാനത്തിന് പുറമേ പരസ്യ, കാന്റീൻ ഇനങ്ങളിലും വരുമാനം ലഭ്യമാകും. വിനോദ നികുതിയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധിക വരുമാനം ലഭ്യമാകും. കെ.എസ്.എഫ്.ഡി.സി.-യുടെ 11 തിയേറ്ററുകളിൽ സിനിമകൾ ചാർട്ടുചെയ്യുന്നതു പോലെ ടി തിയേറ്ററുകളിലും സിനിമകൾ ചാർട്ട് ചെയ്യും. ഇത്തരത്തിൽ തിയേറ്ററുകൾ സ്ഥാപിക്കപ്പെടുന്നതോടെ സംസ്ഥാനത്ത് സിനിമാ പ്രദർശനത്തിൽ സർക്കാരിന് മേധാവിത്തം കൈവരിക്കാനാകുകയും ഗുണനിലവാരമുള്ള സിനിമാ ആസ്വാദനം കുറഞ്ഞ ചെലവിൽ സാധാരണക്കാർക്കും പ്രാപ്യമാകുകയും ചെയ്യും.

(സി & ഡി) ആവശ്യമായ ഭൂമി പാട്ടത്തിനുനൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, കെ.എസ്.എഫ്.ഡി.സി. എന്നിവരുടെ പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ചലച്ചിത്ര അവാർഡും വിവാദങ്ങളും

232 (7795) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണവും അത് സംബന്ധിച്ച വിവാദങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിനിമ കാണാതെയാണ് ജൂറി അവാർഡ് പ്രഖ്യാപനം നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം വിവാദങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ഡി) അടുത്ത വർഷം മുതൽ അവാർഡിനായി സമർപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ മേന്മ പരിശോധിക്കുന്നതിനും ഓരോ ചിത്രത്തേക്കുറിച്ചും ജൂറിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനും സുതാര്യമായ മൂല്യനിർണ്ണയ രീതികൾ സംബന്ധിച്ച അഭിപ്രായരൂപീകരണത്തിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) 2013-ലെ സംസ്ഥാന ചലച്ചിത്ര അവാർഡിനായി രൂപീകരിച്ച ജൂറിയുടെ ചെയർമാൻ എല്ലാ ചിത്രങ്ങളും കണ്ടിട്ടില്ല എന്ന നിലയിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ജൂറി ചെയർമാൻതന്നെ

LIBRARY ARCHIVES Kerala Legislative Assembly